# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4344** | **17/05/2017-ൽ മറുപടിക്ക്**

### പകർച്ച പനികൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | പകർച്ച പനികൾ മറ്റ് പകർച്ച വ്യാധികൾ എന്നിവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | **എ)** | • ചിട്ടയായ രീതിയിലുള്ള രോഗനിരീക്ഷണവും കൊതുക-സാന്ദ്രത നിരീക്ഷണവും കൊതുകുറവിട നശീകരണവും നടത്തി വരുന്നു<br>• പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ സമയ-ബന്ധിതമായും വിവിധ വകുപ്പുകളുടെ പങ്കാളിത്ത-ത്തോടെ നടപ്പിലാക്കി വരുന്നു.<br>• ജലദൗർലഭ്യമുള്ളിടത്ത് സംഭരിച്ച് സൂക്ഷിച്ചിരിക്കുന്ന ജലത്തിൽ കൊതുക് പെരുകാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>• പകർച്ചവ്യാധികളുണ്ടാകുമ്പോൾ ഉടൻതന്നെ ചികിത്സ ഉറപ്പാക്കൽ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, അതുവഴി പകർച്ചവ്യാധി വ്യാപനം തടയൽ, മരണം ഒഴിവാക്കൽ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.<br>• കൊതുകുജന്യ, ജലജന്യ, ജന്തുജന്യ രോഗനിയന്ത്രണ-ത്തിന് വിവിധ വകുപ്പുകളുടെ സംയോജനവും ആവശ്യമായ സാങ്കേതിക ഉപദേശവും നൽകിവരുന്നു.<br>• പകർച്ചവ്യാധി പ്രതിരോധ |

➡

| | | | |
|---|---|---|---|
| | | | നിയന്ത്രണത്തിന് ആവശ്യമായ വാർഷിക കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. |
| **ബി)** | ഇത്തരം രോഗങ്ങൾ തടയുവാനായി കോളനികളിലും മറ്റും ശുചീകരണ പ്രവൃത്തികൾ നടത്തുന്നതിനും, കൊതുക് നിവാരണത്തിനുമായി ആരോഗ്യ വകുപ്പ് പ്രത്യേകം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | **ബി)** | പ്രത്യേക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രോഗബാധിത പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീം ഇൻവെസ്റ്റിഗേഷൻ നടത്തുകയും ഊർജ്ജിതമായി കൊതുകിന്റെ ഉറവിട നശീകരണം, ഇൻഡോർസ്പ്രേ (വീടിനകത്ത് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പൈറിത്രം എക്സ്ട്രാക്റ്റ് സ്പ്രേ ചെയ്യുന്നതിന്), വീടിനു പുറത്ത് സ്പ്രേയിംഗ്, ഫോഗിംഗ് കൂടാതെ വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ തുടങ്ങിയവ കാര്യക്ഷമമായി ചെയ്തുവരുന്നു. ആദിവാസി കോളനികൾ പോലുള്ള ദുർഘട പ്രദേശങ്ങളിൽ ട്രൈബൽ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചുകൊണ്ട് രോഗപ്രതിരോധ നടപടികൾ നടപ്പിലാക്കിവരുന്നു. |
| **സി)** | പകർച്ചവ്യാധികൾ പിടിപെട്ടാൽ നിയന്ത്രിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും മൊബൈൽ ക്ലിനിക്കുകൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ? | **സി)** | അത്തരം സന്ദർഭങ്ങളിൽ ആവശ്യാനുസരണം മൊബൈൽ ക്ലിനിക്കുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**